**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 510** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സോളാർ പാനൽ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ എത്ര കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ സർക്കാർ കെട്ടിടങ്ങൾ എത്രയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.ഇ.ബി.എല്ലിന്റെ 31.05.2026 ലെ കണക്ക പ്രകാരം കേരളത്തിൽ 4,22,776 കെട്ടിടങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഗവൺമെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി.എൽ, ഉൾപ്പടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്കൂളുകൾ അടക്കമുള്ള മറ്റ പൊതുസ്ഥാപനങ്ങൾ ഉൾപ്പടെ 2035 സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി **അനെർട്ട്** നടപ്പിലാക്കുന്നു. കഴിഞ്ഞ 5 വർഷ കാലയളവിൽ **അനെർട്ട് മുഖേന** കേരളത്തിൽ ഡെപ്പോസിറ്റ് പ്രവർത്തിയായും, തിരുവനന്തപുരം സോളാർ സിറ്റി പദ്ധതി വഴിയും 1665 സർക്കാർ കെട്ടിടങ്ങളിൽ ആകെ 30.38 MW ശേഷിയുള്ള സൌരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. ഇതിൽ ഓഫ് ഗ്രിഡ്, ഹൈബ്രിഡ്, ഗ്രിഡ് ബന്ധിത പവർ പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു.

തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി, 514 സർക്കാർ കെട്ടിടങ്ങളിൽ ആകെ 17 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു.

**(ബി)** സർക്കാർ കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചതിനെ തുടർന്ന് എത്ര രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** കെ.എസ്.ഇ.ബി.എൽ സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സോളാർ പ്ലാന്റുകളിൽ നിന്നും കഴിഞ്ഞ 5 വർഷം കൊണ്ട് ഏകദേശം 144.55 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്. ഉത്പാദിപ്പിച്ച വൈദ്യുതി മുഴുവൻ സർക്കാർ സ്ഥാപനങ്ങൾ ഉപയോഗിച്ചു എന്ന അനുമാനത്തിൽ കണക്കെടുക്കുകയാണെങ്കിൽ സർക്കാർ സ്ഥാപനങ്ങൾ, ഒരു മാസം ഉപയോഗിച്ച സോളാർ വൈദ്യുതി ശരാശരി 2.4 മില്യൺ യൂണിറ്റ് ആണെന്ന് പറയാം.

സർക്കാർ കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചതിനെ തുടർന്ന് ലഭിച്ച സാമ്പത്തിക നേട്ടം കെ.എസ്.ഇ.ബി.എൽ കണക്കാക്കിയിട്ടില്ല.

അനെർട്ട് 1665 സർക്കാർ കെട്ടിടങ്ങളിൽ ആകെ 30.38 MW ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചതിനെ തുടർന്ന് ഇവയുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ പ്രതിവർഷം ഏകദേശം 25 കോടി രൂപയുടെ സാമ്പത്തിക നേട്ടം കൈവരിക്കാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**